"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ബഹു. സുപ്രീം കോടതിയുടെ എസ്എൽപി(സി) നം.12507/2022 നമ്പർ കേസിലെ 25/07/2022-ലെ വിധിന്യായത്തിന്റേയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒപി (കെ.എ.റ്റി) നം.139/2022 നമ്പർ ഉൾപ്പെട്ട 01.07.2022-ലെ പൊതു ഉത്തരവിന്റേയും അടിസ്ഥാനത്തിൽ, ആയുഷ് വകുപ്പിലെ ഡോക്ടർമാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.416/2022/AYUSH തീയതി,തിരുവനന്തപുരം, 27-09-2022

---

പരാമർശം:-

1) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒഎ(ഇ.കെ.എം) നം.1593/2021 നമ്പർ ഉൾപ്പെട്ട 11.05.2022--ലെ പൊതു ഉത്തരവ്.

2) ബഹു. കേരള ഹൈക്കോടതിയുടെ ഒ.പി. (കെ.എ.റ്റി) നം.139/2022 നമ്പർ ഉൾപ്പെട്ട 01.07.2022-ലെ പൊതു ഉത്തരവ്.

3) ബഹു. സുപ്രീം കോടതിയുടെ എസ്എൽപി(സി) നം. 12507/2022നമ്പർ കേസിലെ 25.07.2022 ലെ വിധിന്യായം.

4) ആയുഷ് വകുപ്പിലെ ഡോക്ടർമാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള വിവിധ അപേക്ഷകൾ.

5) കേരളാ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച 19.08.2022 തീയതിയിലെ നിവേദനം.

**ഉത്തരവ്**

ആയുഷ് വകുപ്പിലെ ഹോമിയോപ്പതി ഡോക്ടർമാരുടെ പെൻഷൻ പ്രായം 56 വയസ്സിൽ നിന്നും 60 വയസ്സിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനായി കേരളാ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ മുതൽപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒഎ(ഇ.കെ.എം) നം.1593/2021 ഫയൽ ചെയ്യുകയുണ്ടായി.

2) ആയുഷ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിൽ ഉണ്ടായിരുന്ന കേസുകളിന്മേൽ ബഹു. ട്രൈബ്യൂണൽ സൂചന 1) പ്രകാരം പൊതു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയുഷ് ഡിപ്പാർട്ട്മെന്റിലെ ഡോക്ടർമാർക്കും സൂപ്പർഅനുവേഷന്റെ ഉയർന്ന പ്രായത്തിന് അർഹതയുണ്ടെന്നും 03/08/2021- ന് ശേഷം സർവീസിൽ നിന്ന് വിരമിച്ച ആയുഷ് ഡിപ്പാർട്ട്മെന്റിലെ ഡോക്ടർമാരെ സർവീസിൽ പുനഃസ്ഥാപിക്കാൻ കഴിയുമോ എന്ന്

സർക്കാർ തീരുമാനിക്കണമെന്നും ഉത്തരവ് വന്ന തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ആയത് തീരുമാനിക്കണമെന്നും അവരെ പുനഃസ്ഥാപിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയാണെങ്കിൽ, വർദ്ധിപ്പിച്ച റിട്ടയർമെന്റ് പ്രായത്തെ അടിസ്ഥാനമാക്കിയുള്ള ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളുടെ കുടിശ്ശികയ്ക്ക് അവർക്ക് അർഹത ഉണ്ടായിരിക്കുകയും ചെയ്യുമെന്നും ടി ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ 4 മാസത്തിനുള്ളിൽ മുകളിൽ പറഞ്ഞിരിക്കുന്ന റിട്ടയർമെന്റ് ആനുകൂല്യങ്ങളുടെ തുകകൾ അനുവദിക്കുകയും അവർക്ക് നൽകുകയും ചെയ്യണമെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

3) ബഹു ട്രൈബ്യൂണലിന്റെ പ്രസ്തുത വിധി സർക്കാരിന്റെ നയപരമായ തീരുമാനത്തിന് എതിരായതിനാൽ പ്രസ്തുത ഉത്തരവിന് എതിരെ സർക്കാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. സർക്കാർ ഫയൽ ചെയ്ത അപ്പീലിൻമേൽ ബഹു.ഹൈക്കോടതി 01.07.2022 -ൽ സൂചന 2) പ്രകാരം പൊതു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സൂചന 1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് റദ്ദ് ചെയ്യുകയും, ആയുഷ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന അപേക്ഷകൾ പുതിയതായി പരിശോധിച്ച്, യോഗ്യതയുടെ അടിസ്ഥാനത്തിൽ വിധിയുടെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും ഉത്തരവാകുകയുണ്ടായി. സൂചന 2) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ 01.07.2022-ലെ വിധിക്കെതിരെ എസ്എൽപി (സി) നം.12507/2022 പ്രകാരം ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും പ്രസ്തുത അപ്പീലിന്മേൽ ആയുഷ് വകുപ്പിലെ ഡോക്ടർമാരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച് ഹൈക്കോടതി വിധിച്ച സമയത്തിനുള്ളിൽ കേരള സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളണമെന്ന് സൂചന 3) പ്രകാരം വിധി പുറപ്പെടുവിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പൊതുജനാരോഗ്യത്തിന്റേയും ക്ലിനിക്കൽ സേവനങ്ങളുടെയും വെല്ലുവിളികൾ നേരിടുന്നതിന് സംസ്ഥാനത്തെ പരിചയസമ്പന്നരായ ഡോക്ടർമാരുടെ ആവശ്യകതയെ അടിസ്ഥാനമാക്കി ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെയും ഫാക്കൽറ്റികളുടെയും വിരമിക്കൽ പ്രായം യഥാക്രമം 60 ഉം 62 ഉം വയസ്സായി ഉയർത്തുകയുണ്ടായി. ആയുഷ് മേഖലയിലെ ഡോക്ടർമാരുടെ സേവനത്തെ മോഡേൺ മെഡിസിനുമായി തുലനം ചെയ്യാൻ കഴിയില്ല. ജോലിയുടെ വ്യാപ്തിയിലെ വൻ വ്യത്യാസം, മോഡേൺ മെഡിസിനിൽ ഡോക്ടർമാരുടെ സേവനങ്ങൾക്കുള്ള ഉയർന്ന ഡിമാൻഡ്, ആരോഗ്യ പരിരക്ഷയിൽ ആധുനിക വൈദ്യശാസ്ത്രത്തിലെ ഡോക്ടർമാർ നൽകുന്ന ഉയർന്ന വൈദഗ്ധ്യമുള്ള ക്ലിനിക്കൽ സേവനങ്ങൾ (ശസ്ത്രക്രിയകൾ, ട്രാൻസ്പ്ലാന്റുകൾ, ട്രോമ കെയർ മുതലായവ) എന്നിവ ആയുഷ് വകുപ്പിൽ ഉള്ളതിൽ നിന്ന് വ്യത്യസ്തമാണ് ആധുനിക വൈദ്യ ശാസ്ത്രത്തിൽ. ഹോമിയോ വകുപ്പിലെയും ഭാരതീയ ചികിൽസാ വകുപ്പിലേയും മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ട്. നിലവിൽ ആയുഷ് മേഖലയിൽ ഡോക്ടർമാരുടെ അഭാവമില്ല. ആയതിനാൽ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത് ആയുഷ് മേഖലയിലെ അടുത്ത തലമുറയിലെ ഡോക്ടർമാരുടെ സാധ്യതകളെ പ്രതികൂലമായി ബാധിക്കും. ഒരു സംസ്ഥാനത്തിന്റെ നയം രൂപപ്പെടുന്നത് അതിന്റെ ആവശ്യങ്ങളെയും വിഭവങ്ങളെയും അടിസ്ഥാനമാക്കിയാണ്. ആയതിനാൽ ആയുഷ് വകുപ്പിലെ ഡോക്ടർമാരുടേയും

അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല.

5) മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലും, പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ നയപരമായ വിഷയമായതിനാലും, നിലവിൽ ആയുഷ് മേഖലയിൽ ഡോക്ടർമാരുടെ അഭാവമില്ലാത്തിനാലും, ആയുഷ് വകുപ്പിലെ ഡോക്ടർമാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കേണ്ടതില്ല എന്ന നയപരമായ തീരുമാനം കൈക്കൊണ്ടും ആയതിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിലെ ഡോക്ടർമാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള, സർക്കാരിൽ ലഭ്യമായിട്ടുള്ള എല്ലാ അപേക്ഷകളും നിരസിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

6) പരാമർശം 3)-ലെ ബഹു. സുപ്രീം കോടതിയുടെ എസ്എൽപി(സി) നം.12507/2022നമ്പർ കേസിലെ 25/07/2022 ലെ ഉത്തരവും പരാമർശം 2)-ലെ ബഹു. കേരള ഹൈക്കോടതിയുടെ ഒപി (കെ.എ.റ്റി) നം.139/2022 നമ്പർ ഉൾപ്പെട്ട 01.07.2022-ലെ പൊതു ഉത്തരവും ഇതിനാൽ പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ബന്ധപ്പെട്ട അപേക്ഷകർക്ക് (ബന്ധപ്പെട്ട വകുപ്പ് മേധാവികൾ മുഖേനെ)
പൊതുഭരണ (എസ്.സി) വകുപ്പ് (14.09.2022-ലെ ഇനം നമ്പർ 1052 ആയ മന്ത്രിസഭായോഗ തീരുമാനം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sheena Paul
Date: 29-09-2022 10:25:32
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-09-2022

ഫയൽ നം. ബി3/259/2021/ആയുഷ്. ഇനം നം: 1052

വിഷയം : ആയുഷ് വകുപ്പ് - ബഹു. സുപ്രീം കോടതിയുടെ SLP 12507/2022-മേലുള്ള 25.07.2022-ലെ വിധിന്യായപ്രകാരം ബഹു. ഹൈക്കോടതിയുടെ 01.07.2022-ലെ OP(KAT)No.139/2022-ലെ ഉത്തരവ് പ്രകാരം ആയുഷ് വകുപ്പിലെ ഡോക്ടർമാരുടേയും, അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം എടുക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

15/9

1052

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | ബി3/259/2021/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (ബി) വകുപ്പ് |
| 3. വിഷയം | ആയുഷ് വകുപ്പ് - ബഹു.സുപ്രീം കോടതിയുടെ SLP 12507/2022-ൻമേലുള്ള 25/07/2022 - ലെ വിധി ന്യായപ്രകാരം ബഹു.ഹൈക്കോടതിയുടെ 01/07/2022 ലെ OP(KAT)No.139/2022 - ലെ ഉത്തരവ് പ്രകാരം ആയുഷ് വകുപ്പിലെ ഡോക്ടർമാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം എടുക്കുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22.08.2022. |
| 5.i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | വിജയകുമാർ എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 02.09.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.09.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12.09.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13.09.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ചസർക്കാർഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു.ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിലെ ഡോക്ടർമാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം എടുക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ആയുഷ് വകുപ്പിലെ ഹോമിയോപ്പതി ഡോക്ടർമാരുടെ പെൻഷൻ പ്രായം 56 വയസ്സിൽ നിന്നും 60 വയസ്സിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനായി കേരളാ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ മുതൽപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒഎ(ഇ.കെ.എം) നം.1593/2021 ഫയൽ ചെയ്യുകയുണ്ടായി. ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ വിരമിക്കൽ പ്രായം ഉയർത്തണമെന്നാവശ്യപ്പെട്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഡോ. അജിത് കുമാർ മുതൽപേർ, ഡോ.സുനിൽ കുമാർ എൻ., ഡോ.ഷൈലേഷ് കുമാർ എസ്. മുതൽപേർ എന്നിവർ യഥാക്രമം ഫയൽ ചെയ്ത ഒഎ(ഇ.കെ.എം) നം.125/2019, 185 & 1154/2019 കേസുകളിന്മേലുള്ള 15/11/2019 തീയതിയിലെ പൊതു ഉത്തരവിൻ പ്രകാരം പ്രസ്തുത ആവശ്യം നിരസിച്ച് 29/02/2020 ലെ സ.ഉ(സാധാ)നം.119/2020/ആയുഷ് പ്രകാരവും ഉത്തരവായിരുന്നു.

3) ആയുഷ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിൽ ഉണ്ടായിരുന്ന കേസുകളിന്മേൽ ബഹു. ട്രൈബ്യൂണൽ 11.05.2022-ൽ ചുവടെപ്പറയും പ്രകാരം പൊതു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

25. In view of the above, these Original Applications are disposed of with the following orders:

(i) Annexure A10 order is set aside.

(ii) It is declared that Doctors in the Ayush Department also are entitled to the enhanced age of superanuation as prescribed in Annexure A2 order.

(iii) This declaration will have effect only from 3/8/2021, the date of Annexure A15 judgment of the Supreme Court.

(iv) The Government shall decide immediately as to whether those Doctors in the Ayush Department who retired from service after 3/8/2021 can be reinstated in service and this shall be decided within one month from the date of this order.

(v) If the Government decide not to reinstate them, their retirement benefits including gratuity based on the enhanced retirement age would be arrived at and they would be entitled to arrears of retirement benefits, including gratuity, after adjusting the amounts already paid.

(vi) The amounts of retirement benefits as above shall be sanctioned and released to them within 4 months from the date of receipt of a copy of this order.

4) ബഹു ട്രൈബ്യൂണലിന്റെ പ്രസ്തുത വിധി സർക്കാരിന്റെ നയപരമായ തീരുമാനത്തിന് എതിരായതിനാൽ പ്രസ്തുത ഉത്തരവിന് എതിരെ സർക്കാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. സർക്കാർ ഫയൽ ചെയ്ത അപ്പീലിൻമേൽ ബഹു.ഹൈക്കോടതി 01.07.2022 -ൽ ചുവടെ പറയും പ്രകാരം പൊതു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി :

9. For the reasons stated above, we set aside the impugned order of the Administrative Tribunal and allow O.P (KAT) Nos.138, 139, 142, 146 and 152 of 2022 preferred by the State Government. Consequently, O.P (KAT) Nos.164, 175, 183, 185 and 190 of 2022 preferred by those applicants before the Tribunal, who were aggrieved by the cut-off date stipulated in the impugned order for obtaining the benefit of enhanced retirement age extended to doctors of the AYUSH department, are dismissed. O.P (KAT) Nos.155, 188, 201, 202, 205 and 207 of 2022 preferred by third parties after obtaining the leave of this Court are dismissed as not maintainable, as the said persons do not have any right to appointment to any post in the service under the AYUSH department, and cannot be seen as aggrieved persons for the purpose of maintaining the O.P (KAT)'s.

10. The State government shall consider the representations



preferred by the applicants in the OA's afresh and take a decision on the merits of their claims within an outer time limit of three months from the date of receipt of a copy of this judgment. The order passed by the State government shall contain clear reasons that manifest an application of mind by the State government to the issue of enhancement of retirement age of doctors in the AYUSH department.

The O.P (KAT)'s are disposed as above.

5) ബഹു.ഹൈക്കോടതിയുടെ 01.07.2022–ലെ വിധിക്കെതിരെ പരാതിക്കാർ 12507/2022 പ്രകാരം ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും പ്രസ്തുത അപ്പീലിന്മേൽ ബഹു.സുപ്രീം കോടതി ചുവടെ പറയും പ്രകാരം 25.07.2022 -ൽ വിധി പുറപ്പെടുവിക്കുകയുണ്ടായി:

In this view of the matter, we do not deem it necessary to express any opinion on merits of the cases at this stage and reiterate that the State of Kerala shall take its policy decision in respect of the age of retirement of Doctors in the AYUSH Department within the time accorded by the High Court.

If the petitioner(s) or any other category of Doctors are left with any grievance after such policy decision, they shall be at liberty to invoke the appropriate jurisdiction.

With these directions and observations, the special leave petitions are disposed of.

Pending application(s), if any, shall also stand disposed of.

6) വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനം എടുക്കാനും മൂന്ന് മാസത്തിനകം പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കാനുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം. സംസ്ഥാനത്തെ പൊതുജനാരോഗ്യത്തിന്റെയും ക്ലിനിക്കൽ സേവനങ്ങളുടെയും വെല്ലുവിളികൾ നേരിടുന്നതിന് സംസ്ഥാനത്തെ പരിചയസമ്പന്നരായ ഡോക്ടർമാരുടെ ആവശ്യകതയെ അടിസ്ഥാനമാക്കി ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെയും ഫാക്കൽറ്റികളുടെയും വിരമിക്കൽ പ്രായം യഥാക്രമം 60 ഉം 62 ഉം വയസ്സായി ഉയർത്തുകയുണ്ടായി. ആയുഷ് മേഖലയിലെ ഡോക്ടർമാരുടെ സേവനത്തെ മോഡേൺ മെഡിസിനുമായി തുലനം ചെയ്യാൻ കഴിയില്ല. ജോലിയുടെ വ്യാപ്തിയിലെ വൻ വ്യത്യാസം, മോഡേൺ മെഡിസിനിൽ ഡോക്ടർമാരുടെ സേവനങ്ങൾക്കുള്ള ഉയർന്ന ഡിമാൻഡ്, ആരോഗ്യ പരിരക്ഷയിൽ (പ്രിവന്റീവ്, പ്രൊമോട്ടീവ്, ക്യൂറേറ്റീവ്, പാലിയേറ്റീവ്, ചികിത്സാ), പൊതുജനാരോഗ്യം (സാംക്രമികവും സാംക്രമികമല്ലാത്തതുമായ രോഗങ്ങൾ, പകർച്ചവ്യാധി മാനേജ്മെന്റ്, വാക്സിനേഷൻ ഡ്രൈവുകൾ, അമ്മയുടെയും കുട്ടികളുടെയും ആരോഗ്യം), ആധുനിക വൈദ്യശാസ്ത്രത്തിലെ ഡോക്ടർമാർ നൽകുന്ന ഉയർന്ന

വൈദഗ്ധ്യമുള്ള ക്ലിനിക്കൽ സേവനങ്ങൾ (ശസ്ത്രക്രിയകൾ, ട്രാൻസ്പ്ലാൻറുകൾ, ട്രോമ കെയർ മുതലായവ) എന്നിവ ആയുഷ് വകുപ്പിൽ ഉള്ളതിൽ നിന്ന് വ്യത്യസ്തമാണ്. ഹോമിയോ വകുപ്പിലെയും ISM (ആയുർവേദ) വകുപ്പിലെയും മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ട്. നിലവിൽ ആയുഷ് മേഖലയിൽ ഡോക്ടർമാരുടെ കുറവില്ല. ആയതിനാൽ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുന്നത് ആയുഷ് മേഖലയിലെ അടുത്ത തലമുറയിലെ ഡോക്ടർമാരുടെ സാധ്യതകളെ പ്രതികൂലമായി ബാധിക്കും. ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളിൽ കീഴ്ക്കോടതികളുടെ ഇടപെടൽ സംബന്ധിച്ച് നിരവധി മേൽക്കോടതി വിധികൾ നിലവിലുണ്ട് എന്നതും ശ്രദ്ധേയമാണ്. ഒരു സംസ്ഥാനത്തിന്റെ നയം രൂപപ്പെടുന്നത് അതിന്റെ ആവശ്യങ്ങളെയും വിഭവങ്ങളെയും അടിസ്ഥാനമാക്കിയാണ്. ആയതിനാൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനം ആയതിനാൽ ബഹു.ഹൈക്കോടതിയുടെ ഒപി(കെ.എ.റ്റി)നം. 139/2022 ഉം ബന്ധപ്പെട്ട കേസുകളിൻമേലുമുള്ള 01.07.2022-ലെ പൊതു ഉത്തരവും, ബഹു സുപ്രീംകോടതിയുടെ എസ്എൽപി(സി)നം. 12507/2022 നം കേസിലെ 25.07.2022 ലെ ഉത്തരവും പ്രകാരം ആയുഷ് വകുപ്പ് ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനായുള്ള അപേക്ഷകൾ നിരസിച്ച് ഉത്തരവാകാമോയെന്ന ഉത്തരവിനായി ഫയൽ ബഹു. ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ച അവസരത്തിൽ ഫയൽ ധന വകുപ്പിലേയ്ക്ക് അഭിപ്രായത്തിനായി അയയ്ക്കുകയും പെൻഷൻ പ്രായവർദ്ധനവിനായുള്ള അപേക്ഷകൾ നിരസിക്കുന്നതിൽ എതിർപ്പില്ലായെന്ന് ധന വകുപ്പ് അഭിപ്രായപ്പെടുകയുമുണ്ടായി.

7) പെൻഷൻ പ്രായം സംബന്ധിച്ച വിഷയം നയപരമായ വിഷയമായതിനാൽ, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പ്രായം ഉയർത്തണമെന്ന ആവശ്യം നിരസിക്കുന്ന കാര്യം ബഹു. മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോയെന്ന ഉത്തരവിനായി ഫയൽ ബഹു മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, നിയമവകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി. ആയതിൻപ്രകാരം നിയമവകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ നൽകിയപ്പോൾ നിയമവകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു :

" The Hon'ble Supreme Court, while the disposal of SLP No.12507/2022, found it unnecessary to consider the merit of the appeal. However, a direction has been rendered in the judgment that the State of Kerala shall take its policy decision in respect of the age of the Doctors in the Ayush Department within the time accorded by the High Court. In the absence of any legal restrictions imposed by the Hon'ble Supreme

Court in taking a policy decision related to the matters in issue the Government is free to go forward for taking a policy within the time frame, instead of considering the individual representations."

8) ആയുഷ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനം കൈക്കൊള്ളുന്നതിന് സുപ്രീം കോടതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ, വ്യക്തിഗത അപേക്ഷകൾ പരിഗണിക്കുന്നതിന് പകരം സർക്കാരിന് നയപരമായ തീരുമാനം സമയബന്ധിതമായി കൈക്കൊള്ളാവുന്നതാണെന്നാണ് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്.

**<u>തീരുമാനിക്കേണ്ട സംഗതി</u>**

25/07/2022 ലെ എസ്എൽപി(സി)നം.12507/2022 നമ്പർ കേസിലെ ബഹു. സുപ്രീം കോടതിയുടെ വിധിന്യായത്തിന്റേയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒപി (കെ.എ.റ്റി) നം.139/2022 നമ്പർ ഉൾപ്പെട്ട 01.07.2022-ലെ പൊതു ഉത്തരവിന്റേയും അടിസ്ഥാനത്തിൽ, മുൻഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ള കാരണങ്ങളുടെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിലെ ഡോക്ടർമാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് നയപരമായ തീരുമാനം എടുക്കാവുന്നതാണോ?